കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ (KSPMMWDC)
CIN: U74900KL2016SGC040120 www.keralapottery.org

**KSPMMWDC/443/2024-P1** തീയതി: **24-06-2025**

## ക്വട്ടേഷൻ നോട്ടീസ്

പരമ്പരാഗത കളിമൺ തൊഴിലാളികളുടെ സാർവത്രിക ഉന്നമനം ലക്ഷ്യം വച്ചും മൺപാത്ര ഉല്പാദനത്തിനും വിപണനത്തിനും പുതുജീവൻ പകർന്നും ആയത് വഴി കളിമൺ വ്യവസായ മേഖലയുടെ സമ്പദ് വ്യവസ്ഥയിൽ മാറ്റമുണ്ടാക്കുന്നതിനും പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനമാണ് കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ **(KSPMMWDC).**

പരമ്പരാഗത കളിമൺ ഉൽപ്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിൻറെ ഭാഗമായും, നിലവിലുള്ള വിതരണക്കാരിൽ ചിലർ ഉത്തരവാദിത്വങ്ങൾ പാലിക്കാതെ ഡീഫാൾട്ട് ആകുന്നതിനാലും, തദ്ദേശീയ ഉത്പാദകരെയും മറ്റ് പുതിയ ഉൽപ്പാദകരെയും കൂടി ഉൾപ്പെടുത്തി, വിതരണ ശ്രുംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ പുതിയ ക്വട്ടേഷനുകൾ ക്ഷണിച്ച് വെണ്ടർമാരെ എംപാനൽ ചെയ്യുന്നു.

ഗുണമേന്മയുള്ള എല്ലാ കളിമൺ ഉൽപ്പന്നങ്ങളും (ചെടിച്ചട്ടികൾ, കളിമൺ കിണർ റിംഗുകൾ, മൺപാത്രങ്ങൾ, കളിമൺ വിഗ്രഹങ്ങൾ, ചുമർ അലങ്കാര വസ്തുകൾ, ആഭരണങ്ങൾ, കമ്പോസ്റ്റ് പാത്രങ്ങൾ തുടങ്ങിയവ) കോർപ്പറേഷൻറെ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനായി താഴെപ്പറയുന്ന മേഖലകളിലെ അനുഭവ സമ്പന്നരായ ഉത്പാദകരിൽ (ചെറുകിട/ഇടത്തരം/വൻകിട/വ്യക്തിഗത/സ്ഥാപനം/കളിമൺ



File No. KPMWDC/443/2024-P1 (Computer No. 27711)
Generated from eOffice by ARATHI A, P1 KSPMMWDC, P1 KSPMMWDC, KSPMMWDC on 25/06/2025 09:42 AM

സൊസൈറ്റികൾ) നിന്നും കോർപ്പറേഷൻ മുദ്രവച്ച കവറിൽ ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

**മേഖല 1**

- തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ

**മേഖല 2**

- കോട്ടയം, എറണാകുളം, ഇടുക്കി

**മേഖല3**

- തൃശ്ശൂർ,പാലക്കാട്,മലപ്പുറം

**മേഖല 4**

- കോഴിക്കോട്,വയനാട്, കണ്ണൂർ, കാസർഗോഡ്

താൽപര്യമുള്ളവർ താഴെ പറയുന്ന രീതിയിൽ ക്വട്ടേഷനുകൾ സമർപ്പിക്കേണ്ടതാണ്.

**ക്വട്ടേഷൻ സമർപ്പിക്കൽ**

- **"കളിമൺ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് വ്യക്തമായി അടയാളപ്പെടുത്തിയ മുദ്രവച്ച കവറിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്.
- ക്വട്ടേഷൻ ഈ നോട്ടീസിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള മാതൃകാ ഫാറത്തിൽ തന്നെ ആയിരിക്കേണ്ടതാണ്. കൂടുതൽ ഉൽപ്പന്നങ്ങൾ ഉള്ള പക്ഷം, അധികമായി പേപ്പറുകൾ ഉപയോഗിക്കാവുന്നതാണ്.

**ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി : <u>10/07/2025; വൈകുന്നേരം 3 മണി</u>**

**ക്വട്ടേഷനുകൾ തുറക്കുന്ന തീയതി : <u>10/07/2025 at 4 pm</u>**

**ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം:**

മാനേജിംഗ് ഡയറക്ടർ,

**KSPMMWDC Ltd,**

അയ്യങ്കാളി ഭവൻ, രണ്ടാം നില,

കനക നഗർ, കവടിയാർ പി.ഒ,

തിരുവനന്തപുരം 695003,

ഫോൺ: 0471 2727010

<u>നിബന്ധനകൾ</u>

- ഓരോ ഉൽപ്പന്നങ്ങളുടെയും കുറഞ്ഞ നിരക്കിലുള്ള തുക പരിഗണിച്ച് ക്വട്ടേഷനുകൾ ഫൈനലൈസ് ചെയ്യുന്നതാണ്. ഇതിന്മേൽ കോർപ്പറേഷൻറെ തീരുമാനം അന്തിമമായിരിക്കും.
- കാരണമൊന്നും വ്യക്തമാക്കാതെ തന്നെ ഈ ക്വട്ടേഷൻ നടപടികൾ നിർത്തിവയ്ക്കാനോ പിൻവലിക്കാനോ, ക്വട്ടേഷൻ നിരസിക്കാനോ ഉള്ള അവകാശം/ അധികാരം കോർപ്പറേഷൻ ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്നതാണ് .
- ക്വട്ടേഷനുകൾ ഇതോടൊപ്പമുള്ള മാതൃകാ ഫാറത്തിൽ മാത്രമേ സ്വീകരിക്കുകയുള്ളു.
- തിരഞ്ഞെടുക്കപ്പെടുന്ന വെണ്ടർമാർ കോർപ്പറേഷൻ അക്കൗണ്ടിലേക്ക് 25,000/- രൂപ DD ആയി അടക്കേണ്ടതാണ്. ഓർഡർ ലഭിച്ചില്ലെങ്കിലും, തന്നിഷ്ടം പോലെ പാനലിൽ നിന്ന് പിൻവലിയാൻ അനുവാദമുണ്ടാകുന്നതല്ല . അപ്രകാരം ചെയ്താൽ ഡിപ്പോസിറ്റ് നഷ്ടപ്പെടുന്നതായിരിക്കും.
- ലഭ്യമാകുന്ന **supply order** -കൾ സമയ ബന്ധിതമായി വിതരണം ചെയ്യാത്തതുൾപ്പെടെയുള്ള ഉത്തരവാദിത്വങ്ങൾ പാലിക്കാത്ത വിതരണക്കാരെ **blacklist** ചെയ്യുന്നതായിരിക്കും.
- ക്വട്ടേഷൻ സമർപ്പിക്കുന്ന ഓരോ വിതരണക്കാരും **തങ്ങളുടെ കൈവശം നിലവിലുള്ള ചെടി ചട്ടികളുടെ (എല്ലാ സൈസിലും ഉള്ള ) എണ്ണം,** കൂടാതെ **ആയവ നിശ്ചിത സമയം മുൻകൂട്ടി അറിയിച്ചാൽ എത്ര എണ്ണം വിതരണത്തിന് സജ്ജമാക്കാമെന്നും വ്യക്തമാക്കണം.**
- <u>താൽപ്പര്യമുള്ള മേഖല കൃത്യമായി മാതൃകാ ഫാറത്തിൽ രേഖപ്പെടുത്തിയിരിക്കണം.</u>
- **അർഹത** : വിതരണക്കാർക്ക് കുറഞ്ഞത് 5 വർഷം കളിമൺ ഉൽപ്പന്നങ്ങൾ വിതരണം ചെയ്ത് അനുഭവം ഉണ്ടായിരിക്കണം. <u>ഈ</u>

<u>കാലയളവിൽ, സപ്ലൈ ഓർഡറുകൾ ലഭിച്ചതിന്റെ രേഖ തെളിവായി സമർപ്പിക്കാവുന്നതാണ് .</u>

- **വില** : ക്വട്ടേഷനിൽ ഉൽപ്പന്നത്തിൻറെ യൂണിറ്റ് വില രേഖപ്പെടുത്തുമ്പോൾ ഉൽപ്പന്നത്തിൻറെ വിലയോടൊപ്പം എല്ലാ നികുതികളും വിതരണ ചെലവുകളും (transportation and loading/ unloading if any) ഉൾപ്പെടെ, ഉൾക്കൊള്ളിക്കണം. ഇത്തരത്തിൽ ഓരോ ഉൽപ്പന്നത്തിന്റെയും വില പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം.
- **ഡെലിവറി:** തിരഞ്ഞെടുക്കപ്പെടുന്ന വെണ്ടർമാർ കോർപ്പറേഷനിൽ നിന്നും സപ്ലൈ ഓർഡർ ലഭിച്ചു കഴിഞ്ഞാൽ തുടർന്നുള്ള 10 ദിവസത്തിനകം ഉൽപ്പന്നങ്ങളുടെ സപ്ലൈ പൂർത്തീകരിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം ഉൽപ്പന്നങ്ങൾ സപ്ലൈ ചെയ്യാത്ത പക്ഷം ഉത്തരവ് റദ്ദാക്കുകയും, തൊട്ടടുത്ത മേഖലയിലേക്ക് സപ്ലൈ ഓർഡർ നൽകുകയും ചെയ്യും. ഇത് മൂലമുണ്ടാകുന്ന യാതൊരു നഷ്ടത്തിനും കോർപ്പറേഷൻ ഉത്തരവാദിയായിരിക്കില്ല.
- കോർപ്പറേഷനിൽ നിന്നും സപ്ലൈ ഓർഡർ കൈപ്പറ്റി കഴിഞ്ഞ് വിതരണ കാലതാമസം/ നിർവഹിക്കാതിരിക്കുന്ന സാഹചര്യങ്ങളിൽ bill തുകയുടെ 25% തുക പിഴയായി ഈടാക്കുന്നതായിരിക്കും.
- മുൻ ഡീഫാൾട്ടർമാർക്കും, നിലവിൽ supply order ഉപേക്ഷിച്ചവർക്കും വീണ്ടും അപേക്ഷിക്കാനാവില്ല.
- പേയ്മെൻറ്: ഉൽപ്പന്നങ്ങൾ തൃപ്തികരമായി വിതരണം ചെയ്ത് 15 മുതൽ 20 ദിവസത്തിനുള്ളിൽ പേയ്മെൻറ് നടത്തുന്നതാണ്. അഡ്വാൻസ് അനുവദിക്കുന്നതല്ല.
- ഉൽപ്പന്നങ്ങളുടെ ഗതാഗത സമയത്തുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കോർപ്പറേഷൻ ഉത്തരവാദിയായിരിക്കില്ല.
- കരാർ: തിരഞ്ഞെടുക്കപ്പെടുന്ന വെണ്ടർമാർ കോർപ്പറേഷനുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. ടെണ്ടർ സമർപ്പിക്കുന്നതോടെ, ഈ ടെണ്ടർ നോട്ടീസിലെ എല്ലാ നിബന്ധനകളും അംഗീകരിക്കുന്നതായി കണക്കിലാക്കുന്നതാണ്.

**NB:**

കളിമൺ റിംഗ് കളുടെ പ്രചാരണവും ആവശ്യകതയും പരിഗണിച്ച്

കളിമൺ റിംഗ്-കൾ സംസ്ഥാനത്ത് എല്ലാ ജില്ലകളിലേയും ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം എത്തിച്ചുകൊടുക്കുക മാത്രമല്ല അത് സെറ്റ് ചെയ്ത് പ്രവർത്തന സജ്ജമാക്കി കൊടുക്കേണ്ടതാണ്, ടി നാല് മേഖലകളിൽ വിതരണം ചെയ്യുന്ന യൂണിറ്റ് വില രേഖപ്പെടുത്തുമ്പോൾ ഉൽപ്പന്നത്തിൻറെ വിലയോടൊപ്പം എല്ലാ നികുതികളും വിതരണ ചെലവുകളും (labour/transportation and loading/ unloading if any) ഉൾപ്പെടെ, പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.

ഈ ക്വട്ടേഷൻ അറിയിപ്പുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക്, ബന്ധപ്പെടേണ്ട ആഫീസർ:

- NAME : ANIL G
- DESIG : MANGER (I/C)
- ഫോൺ : 04712727010 [ പകൽ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ]
- ഇമെയിൽ : kspwdctpm@gmail.com

പ്രധാനമായ തീയതികൾ

- നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി: 24/06/2025
- ക്വട്ടേഷനുകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി :
- 10/07/2025 at 3 pm
- ക്വട്ടേഷനുകൾ തുറക്കുന്ന തീയതി : 10/07/2025 at 4 pm
  - ഹാജരാവുന്നവരുടെ സാന്നിധ്യത്തിൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറോ, മാനേജിംഗ് ഡയറക്ടർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ക്വട്ടേഷൻ തുറക്കുന്നതാണ്.

Shibu A IAS

Managing Director

ഉത്തരവിൻ പ്രകാരം

- project manager (i/c)



File No. KPMWDC/443/2024-P1 (Computer No. 2771)

Generated from eOffice by ARATHI A, P1 KSPMWDC, P1 KSPMWDC, KSPMWDC on 25 06 2025 09:42 AM